പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1271

04/02/2019-ൽ മറുപടിയ്ക്ക്

**കോട്ടയ്ക്കൽ മണ്ഡലത്തിലെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം**

| ചോദ്യം | മറുപടി |
|---|---|
| **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | പ്രൊഫ.സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) കോട്ടയ്ക്കൽ മണ്ഡലത്തിലെ ഗവ. എൽ.പി.സ്കൂൾ ചുന്നൂർ, ഗവ. എൽ.പി.സ്കൂൾ കരേക്കാട് എന്നീ സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കണമെന്ന അപേക്ഷ വിദ്യാഭ്യാസ വകുപ്പിന് ലഭിച്ചിട്ടുണ്ടോ;<br>(ബി) കെട്ടിടങ്ങളുടെ അപര്യാപ്തത മൂലം ബുദ്ധിമുട്ടുന്ന പ്രസ്തുത സ്കൂളുകളുടെ പ്രൊപ്പോസലുകൾ വിദ്യാഭ്യാസ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ;<br>(സി) പൊതു വിദ്യാഭ്യാസ ഡയറക്ടർ പ്രസ്തുത സ്കൂളുകളുടെ പ്രൊപ്പോസലുകൾ പരിശോധിച്ചിട്ടുണ്ടോ; പരിശോധന റിപ്പോർട്ട് ലഭ്യമാക്കുമോ;<br>(ഡി) ഈ വർഷം തയ്യാറാക്കുന്ന അടിസ്ഥാന സൗകര്യ വികസന പ്രൊപ്പോസലിൽ പ്രസ്തുത രണ്ട് സ്കൂളുകളെ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (എ) യും (ബി) യും (സി) യും (ഡി) യും<br>കോട്ടയ്ക്കൽ മണ്ഡലത്തിലെ ഗവൺമെന്റ് എൽ.പി.സ്കൂൾ, ചുന്നൂരിന് അടിസ്ഥാന സൗകര്യവികസനത്തിനുള്ള പ്രപ്പോസൽ 27/12/2018-ൽ (Receipt No.3123032/18) ലഭ്യമായിട്ടുണ്ട്. എന്നാൽ 2018-19 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ പൊതുവിദ്യാഭ്യാസ വകുപ്പിന് അടിസ്ഥാന സൗകര്യവികസനത്തിനായി തുക വകയിരുത്തിയിട്ടുള്ള ശീർഷകങ്ങളിൽ (മൂലധന, റവന്യൂ ശീർഷകങ്ങൾ) നീക്കിയിരുപ്പ് ഇല്ലാത്തതിനാൽ പ്രസ്തുത പ്രോപ്പോസലിന്മേൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.<br>ഗവൺമെന്റ് എൽ.പി.സ്കൂൾ കരേക്കാടിന്റെ പ്രോപ്പോസൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ ലഭ്യമായിട്ടില്ല. |
| (ഇ) കുറ്റിപ്പുറം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന്റെ പേര് GO(Rt) 5501/2018/പൊ.വി. (എം) വകുപ്പ് 31/12/2018 എന്ന ഉത്തരവിൽ ഉൾപ്പെട്ടിട്ടില്ലെന്ന കാര്യം കാണിച്ച് നൽകിയ അപേക്ഷയിന്മേൽ എടുത്ത നടപടികൾ അറിയിക്കുമോ; പ്രസ്തുത സ്കൂളിന്റെ പേര് ജി.എച്ച്.എസ്.എസ്. പേരശ്ശന്നൂർ എന്നത് ജി.എച്ച്.എസ്.എസ്. കുറ്റിപ്പുറം എന്ന് തിരുത്തുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ ? | (ഇ) പരിശോധിച്ച് വരുന്നു. |

Namitha

**സെക്ഷൻ ഓഫീസർ**